# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

09.02.2016 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 497

## കിട്ടാക്കടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്. സലീഖ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന - ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് 31 ന് എത്രയായിരുന്നു; വ്യക്തമാക്കുമോ; | (എ) 31.03.2015 ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം 3.92 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 189.92 കോടി രൂപയുമാണ്. 2011 മാർച്ച് 31 ന് ഇത് യഥാക്രമം 3.94 കോടി രൂപയും 84.05 കോടി രൂപയുമായിരുന്നു. |
| (ബി) സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് 31 ന് എത്രയായിരുന്നു വ്യക്തമാക്കുമോ; | (ബി) 31.12.2015 ലെ കണക്ക്പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 6366.56 കോടി രൂപയാണ്. ജില്ലാ സഹകരണ ബാങ്കുകൾക്ക് ടി തീയതിയിൽ 45876.25 കോടി രൂപ നിക്ഷേപം ഉണ്ട്.<br>2011 മാർച്ച് 31 ന് ഇത് യഥാക്രമം 5205.44 കോടി രൂപയും 19232.77 കോടി രൂപയുമായിരുന്നു. |
| (സി) സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി എത്രകോടി രൂപയാണ്; 2011 മാർച്ച് 31 ന് എത്രയായിരുന്നു; | (സി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31.03.2015 ലെ കണക്ക് പ്രകാരം 557.78 കോടി രൂപയാണ്. 2011 മാർച്ച് 31 ന് ഇത് 414.55 കോടി രൂപയായിരുന്നു. |
| (ഡി) വായ്പേതര സഹകരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ | (ഡി) 30.09.2015 ലെ കണക്ക് പ്രകാരം 10 വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് |

| | |
|---|---|
| ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എത്ര കോടി രൂപയാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ? | കുടിശ്ശികയാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരും കുടിശ്ശിക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക തുക (കോടിയിൽ) | റിമാർക്ക്സ് |
|---|---|---|---|
| 1 | കയർഫെഡ് | - | സെറ്റിൽമെന്റ് പ്രകാരം 22.53 കോടി രൂപ മുതലിനത്തിൽ അടച്ചു. പലിശ ലഭിക്കാനുണ്ട്. |
| 2 | കൺസ്യൂമർഫെഡ് | 183.62 | |
| 3 | മാർക്കറ്റ്ഫെഡ് | 42.96 | |
| 4 | റബ്ബർമാർക്ക് | 61.41 | 36.82 കോടി രൂപയ്ക്ക് സെറ്റിൽമെന്റായി, 20 ലക്ഷം രൂപ പ്രതിമാസം അടയ്ക്കുന്നു. |
| 5 | റബ്കോ | 126.42 | |
| 6 | അഗ്രീൻകോ | 27.19 | |
| 7 | മലബാർ റബ്ബർ & അഗ്രിക്കൾച്ചറൽ പ്രോസസ്സിംഗ് സൊസൈറ്റി | 1.38 | |
| 8 | പരിയാരം മെഡിക്കൽ കോളേജ് | 0.33 | |
| 9 | കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് അപ്പക്സ് സഹകരണ സൊസൈറ്റി (സുരഭി) | 0.57 | |
| 10 | ഹാന്റക്സ് | - | സെറ്റിൽമെന്റായതിൽ പലിശയിനത്തിൽ 5 കോടി രൂപ ലഭിക്കാനുണ്ട് |
| | **ആകെ** | **443.88** | |

സെക്ഷൻ ഓഫീസർ